# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 21

# വാർത്താക്കുറിപ്പ്

---

**പരീക്ഷ ഫലം**

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ടി.ടി.എം. 2017 അഡ്മിഷൻ റഗുലർ, എം.ടി.ടി.എം./എം.ടി.എ. സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/349/2019)

2018 മെയിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/350/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലുവരെ സെമസ്റ്റർ എം.ബി.എ. ഓഫ് കാമ്പസ് സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/351/2019)

**എം.ജി. സർവകലാശാല യുവജനോത്സവം;**

**സാംസ്കാരിക ഘോഷയാത്ര 28ന്**

ഫെബ്രുവരി 28 മുതൽ മാർച്ച് നാലുവരെ കോട്ടയത്ത് നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ കോളേജിയറ്റ് യുവജനോത്സവത്തോടനുബന്ധിച്ച് 28ന് ഉച്ചകഴിഞ്ഞ് രണ്ടിന് സാംസ്കാരിക ഘോഷയാത്ര നടക്കും. ഘോഷയാത്രയിൽ ഏറ്റവും മികച്ച നിലയിൽ പങ്കെടുക്കുന്ന കോളേജുകളെ ഉദ്ഘാടനവേദിയിൽ അനുമോദിക്കും. താല്പര്യമുള്ള കോളേജുകൾ ഫെബ്രുവരി 25നകം 8921627176 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/352/2019)

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി; വിവരങ്ങൾ നൽകാം**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കും/ജീവനക്കാർക്കും മുൻപ് വിവരങ്ങൾ നൽകാൻ കഴിയാതിരുന്നവർക്കും പെൻഷൻകാർക്കും കേരള സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ (മെഡിസെപ്) ഫെബ്രുവരി 23 വരെ വിവരങ്ങൾ നൽകാം. സമർപ്പിച്ച വിവരങ്ങളിലെ തെറ്റുതിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ എന്നിവ ഫെബ്രുവരി 28ന് വൈകീട്ട് നാലുവരെ നടത്താവുന്നതാണ്. സർവകലാശാലയുടെ employee.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ലോഗിൻ ചെയ്ത് ഓൺലൈനായി ഇംഗ്ലീഷിലാണ് വിവരങ്ങൾ നൽകേണ്ടത്. വിവരങ്ങൾ ഓൺലൈനിൽ നൽകിയശേഷം പ്രിന്റൗട്ട് സത്യവാങ്മൂലം ഒപ്പിട്ട് എ.ഡി. എ6 സെക്ഷനിൽ നൽകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481-2733305, 9496158070.

(പി.ആർ.ഒ./39/353/2019)

## എം.ജി.യിൽ ഫയൽ തീർപ്പാക്കൽ

## അദാലത്ത് ഇന്ന് (ഫെബ്രുവരി 22)

ഉന്നതവിദ്യാഭ്യാസ മന്ത്രി നടത്തുന്ന ഫയൽ അദാല ത്ത് ഇന്ന് (ഫെബ്രുവരി 22) രാവിലെ ഒൻപതു മുതൽ മഹാത്മാ ഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ നടക്കും.

'അദാലത്ത് -പരാതിപരിഹാര ഉന്നതവിദ്യാഭ്യാസ വകുപ്പിനായി' എന്ന പേരിലുള്ള അദാലത്തിൽ വിദ്യാർഥികളും അധ്യാപകരും പ്രിൻസിപ്പൽമാരും മാനേജർമാരും മുമ്പ് നൽകിയ അപേക്ഷകളും പരാതികളുമാണ് പരിഗണിക്കുക.

രാവിലെ ഒമ്പതിന് ഫയൽ അദാലത്ത് മന്ത്രി ഡോ. കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പ്രസംഗിക്കും. സിൻഡിക്കേറ്റംഗങ്ങൾ, ഡീൻമാർ എന്നിവർ പങ്കെടുക്കും. അപേക്ഷ നൽകിയവർക്ക് അദാലത്തിൽ പങ്കെടുക്കാം. അദാലത്ത് ദിവസം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കും. പുതിയ അപേക്ഷ സ്വീകരിക്കുന്നതിനായി പ്രത്യേക കൗണ്ടർ തുറക്കും. പുതുതായി ലഭിക്കുന്ന അപേക്ഷയുടെ സ്വഭാവമനുസരിച്ച് തീർപ്പാക്കും.

ഫെബ്രുവരി 11 വരെ വെബ്സൈറ്റിലൂടെ ഓൺലൈനായി പരാതി നൽകാൻ സംവിധാനമൊരുക്കിയിരുന്നു. 230 അപേക്ഷകളാണ് ലഭിച്ചത്. 172 വിദ്യാർഥികളും 38 അധ്യാപകരും 17 പ്രിൻസിപ്പൽമാരും മൂന്ന് മാനേജർമാരുമാണ് അപേക്ഷ നൽകിയിട്ടുള്ളത്. പരാതികൾ പരിഗണിക്കുന്നതിനായി സർവകലാശാല സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരടങ്ങുന്ന നിർവ്വാഹകസമിതി യോഗം ഇന്നലെ (ഫെബ്രുവരി 21) കൂടി.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 21

## വാർത്താക്കുറിപ്പ്

**ഈ വാർത്തയിൽ ചെറിയ തിരുത്തുണ്ട്(ചുവപ്പ നിറത്തിൽ)**

**ഇത് ഉപയോഗിക്കുക.**

## എം.ജി.യിൽ ഫയൽ തീർപ്പാക്കൽ അദാലത്ത് ഇന്ന് (ഫെബ്രുവരി 22)

ഉന്നതവിദ്യാഭ്യാസ മന്ത്രി നടത്തുന്ന ഫയൽ അദാലത്ത് ഇന്ന് (ഫെബ്രുവരി 22) രാവിലെ ഒൻപതു മുതൽ മഹാത്മാ ഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ നടക്കും.

'അദാലത്ത് -പരാതിരഹിത ഉന്നതവിദ്യാഭ്യാസ വകുപ്പിനായി ' എന്ന പേരിലുള്ള അദാലത്തിൽ വിദ്യാർഥികളും അധ്യാപകരും പ്രിൻസിപ്പൽമാരും മാനേജർമാരും മുമ്പ് നൽകിയ അപേക്ഷകളും പരാതികളുമാണ് പരിഗണിക്കുക.

രാവിലെ ഒമ്പതിന് ഫയൽ അദാലത്ത് മന്ത്രി ഡോ. കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പ്രസംഗിക്കും. സിൻഡിക്കേറ്റംഗങ്ങൾ, ഡീൻമാർ എന്നിവർ പങ്കെടുക്കും. അപേക്ഷ നൽകിയവർക്ക് അദാലത്തിൽ പങ്കെടുക്കാം. അദാലത്ത് ദിവസം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കും. പുതിയ അപേക്ഷ സ്വീകരിക്കുന്നതിനായി പ്രത്യേക കൗണ്ടർ തുറക്കും. പുതുതായി ലഭിക്കുന്ന അപേക്ഷയുടെ സ്വഭാവമനുസരിച്ച് തീർപ്പാക്കും.

ഫെബ്രുവരി 11 വരെ വെബ് സൈറ്റിലൂടെ ഓൺലൈനായി പരാതി നൽകാൻ സംവിധാനമൊരുക്കിയിരുന്നു. 230 അപേക്ഷകളാണ് ലഭിച്ചത്. 172 വിദ്യാർഥികളും 38 അധ്യാപകരും 17 പ്രിൻസിപ്പൽമാരും മൂന്ന് മാനേജർമാരുമാണ് അപേക്ഷ നൽകിയിട്ടുള്ളത്. പരാതികൾ പരിഗണിക്കുന്നതിനായി സർവകലാശാല സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരടങ്ങുന്ന നിർവ്വാഹകസമിതി യോഗം ഇന്നലെ (ഫെബ്രുവരി 21) കൂടി.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ